(ബി) ചീമേനിയിൽ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റുമെട്രിക് ഹോസ്റ്റൽ അനുവദിച്ചാൽ ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കാമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യങ്ങൾ കണക്കിലെടുത്ത് ചീമേനിയിൽ പോസ്റ്റുമെട്രിക് ഹോസ്റ്റൽ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇവിടെ ഒരു ഹോസ്റ്റൽ ആവശ്യമാണെന്ന് കണ്ടാൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരിഗണിക്കുന്നതാണ്.

**ആദിവാസി ക്ഷേമസമിതിയുടെ കുടിൽകെട്ടി സമരം**

**86 (4027)** ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികവർഗ്ഗ വികസനമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിത ആദിവാസികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ ഗവൺമെന്റുവക സ്ഥലങ്ങളിൽ കുടിൽകെട്ടി സമരം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് ഈ സമരം നടന്നു വരുന്നത് ;

(സി) ഈ സമരം ആരംഭിച്ചിട്ട് എത്രനാളായിയെന്ന് വ്യക്തമാക്കുമോ ;

(ഡി) സമരം ചെയ്യുന്ന ആദിവാസിക്ഷേമസമിതി പ്രവർത്തകരെ ഗവൺമെന്റ് ചർച്ചയ്ക്ക് വിളിക്കുകയുണ്ടായിട്ടുണ്ടോ ;

(ഇ) ഇവരെ ചർച്ചയ്ക്ക് വിളിച്ച് പ്രശ്നം പരിഹരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) 2003 ഏപ്രിൽ അവസാനവാരമാണ് ആരംഭിച്ചത്.

(ഡി) ഉണ്ട്.

(ഇ) ആദിവാസികളുടെ പ്രശ്നം പരിഹരിക്കുവാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly